# ASEAN-India Ministerial Meeting

September 12, 2020

# ASEAN-ഇന്ത്യ മന്ത്രിതല സമ്മേളനം

സെപ്റ്റംബർ 12, 2020

1. 2020 സെപ്റ്റംബർ 12 ന്, ഇന്ത്യൻ വിദേശകാര്യമന്ത്രി ഡോ എസ് ജയശങ്കർ തായ്‌ലൻഡിലെ ഉപപ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ ശ്രീ ഡോൺപരമുദ്വിനയുമായി ASEAN -ഇന്ത്യ മന്ത്രിതല സമ്മേളനത്തിന് ഉപഅധ്യക്ഷത വഹിച്ചു. വിര്ച്വലായി നടന്ന സമ്മേളനത്തിൽ പത്തു ASEAN രാജ്യങ്ങളിലെയും ഇന്ത്യയിലെയും വിദേശകാര്യമന്ത്രിമാർ പങ്കെടുത്തു.

2. നാവിക സഹകരണം,ആശയവിനിമയം, വിദ്യാഭ്യാസം & വിഭവശേഷി വികസനം കൂടാതെ വ്യക്തിഗത ബന്ധങ്ങൾ എന്നിവയുൾപ്പെടെ പല മേഖലകളിലും ASEAN -ഇന്ത്യ നയതന്ത്ര പങ്കാളിത്തത്തിന്റെ സ്ഥിതി സമ്മേളനത്തിൽ ചർച്ച ചെയ്തു. ASEAN -ഇന്ത്യ പ്രവർത്തന പദ്ധതിയുടെ (2016-2020 ) നടത്തിപ്പിലെ പുരോഗതിയും ഇവർ വിലയിരുത്തി. വരാനിരിക്കുന്ന 17 മത് ASEAN -ഇന്ത്യ ഉച്ചകോടിയുടെ ക്രമീകരണങ്ങളും 2019 നവംബറിൽ ബാങ്കോക്കിൽ നടന്ന 16 മത് ASEAN ഇന്ത്യ ഉച്ചകോടിയിലും അതിനു മുമ്പുള്ളവയിലും ഇന്ത്യയും ASEAN അംഗത്വ രാജ്യങ്ങളും (AMS) തമ്മിലെടുത്ത പ്രധാന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന്റെ പുരോഗതിയും സമ്മേളനത്തിൽ വിലയിരുത്തി.

3. സമ്മേളനത്തിൽ പുതിയ ASEAN -ഇന്ത്യ പ്രവർത്തന പദ്ധതി (2021-2025) ഏറ്റെടുത്തു. കോവിഡ്-19 പകർച്ചവ്യാധിയോട് എതിരിടുന്നതിനുള്ള നടപടികളിലെ സഹകരണം ശക്തിപ്പെടുത്തുന്നതും മറ്റു പ്രധാന പ്രാദേശിക അന്തർ ദേശീയ വികസനകളും മന്ത്രിമാർ തമ്മിൽ ചർച്ച ചെയ്തു.

**ന്യൂ ഡൽഹി**
**സെപ്റ്റംബർ 12, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.